പാഠം 9

അനുരഞ്ജിതരായ് തീർന്നീടാം

I. കുട്ടികൾ സ്വന്തമാക്കേണ്ടത്

a) ബോധ്യങ്ങൾ

1. പാപം വഴി ദൈവത്തിൽ നിന്നകന്നുപോയാലും നമ്മെ കാത്തിരിക്കുന്ന സ്നേഹപിതാവാണ് ദൈവം.
2. നാം ചെയ്ത തെറ്റുകളെക്കുറിച്ച് നമുക്കുണ്ടാകുന്ന ദുഃഖവും പാപത്തോടുള്ള വെറുപ്പുമാണ് മനസ്താപം.
3. എല്ലാ പാപങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുന്ന കൂദാശയാണ് അനുരഞ്ജനത്തിന്റെ കൂദാശ.

b) മനോഭാവങ്ങൾ

1. സ്നേഹം തന്നെയായ ദൈവത്തെ പാപംവഴി വേദനിപ്പിക്കരുത്.
2. പാപം ചെയ്താൽ മനസ്തപിച്ച് ദൈവത്തോടും സഹോദരങ്ങളോടും രമ്യപ്പെടണം.

c) ശീലങ്ങൾ

1. ഒരുക്കത്തോടെ അനുരഞ്ജന കൂദാശയ്ക്കണയും.
2. പാപ സാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞുമാറും.
3. അനുരഞ്ജന കൂദാശ കൂടെക്കൂടെ സ്വീകരിക്കും.

II. ബോധനോപാധികൾ

വി. ഗ്രന്ഥം, ചിത്രവായന (ചിത്രം പേജ് 54), ചാർട്ടുകൾ.

III. പാഠാവതരണം

ചിത്രവായനയിലൂടെയും തുടർന്നുള്ള ചർച്ചയിലൂടെയും പാഠത്തിലേക്ക് കടക്കാം.

IV. പാഠബന്ധിത പ്രവർത്തനങ്ങൾ

നമുക്കു പ്രവർത്തിക്കാം

മനസ്താപപ്രകരണം ടീച്ചർ കുട്ടികൾക്ക് വിശദീകരിച്ചുകൊടുക്കുന്നു. പിന്നീട് അത് കുട്ടികൾ മനഃപാഠമാക്കട്ടെ. മനസ്താപപ്രകരണം എഴുതിയ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നതും നന്നായിരിക്കും.

നമുക്ക് ഉത്തരം കണ്ടെത്താം

1. പേജ് 55 മൂന്നാമത്തെ ഖണ്ഡിക.
2. പേജ് 55 അഞ്ചാമത്തെ ഖണ്ഡിക.
3. മാരകമായ പാപങ്ങൾക്ക് അനുരഞ്ജനകൂദാശയിലൂടെ മോചനം ലഭിക്കുന്നു.
4. അനുരഞ്ജനം പൂർണമാകാൻ പാപം വഴി വേദനിപ്പിച്ച എല്ലാവരോടും രമ്യപ്പെടണം.

V. അനുബന്ധിത പ്രവർത്തനങ്ങൾ

1. ധൂർത്തപുത്രന്റെ കഥ റോൾ പ്ലേ ചെയ്യുക.
2. "അനന്തസ്നേഹത്തിൽ ആശ്രയം തേടി മരിച്ചവനൊരുനാൾ തിരിച്ചുവന്നു." എന്ന ഗാനം ക്ലാസ്സിൽ ആലപിക്കട്ടെ.